# മഹാത്മാഗാന്ധി സർവ്വകലാശാല

## ബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം – 686 560

**ഫോൺ:** 0481 – 2733298


2021 ഡിസംബർ 16

# വാർത്താക്കുറിപ്പ്

## ആലപ്പി രംഗനാഥിന് എം.ജി. -യുടെ ആദരം

ഏതു വിധത്തിൽപ്പെട്ട മനുഷ്യരെയും, ജന്തു-ജീവ ജാലങ്ങളെയും ആഴത്തിൽ സ്പർശിക്കുന്ന സംഗീതം മനുഷ്യജീവിതത്തിലും പ്രകൃതിയിലും ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് ഗൗരവതരമായ ശാസ്ത്രിയ പഠനങ്ങൾ ഉണ്ടാകേണ്ടുതുണ്ടെന്ന് പ്രശസ്ത സംഗീതജ്ഞനും സംഗീത സംവിധായകനുമായ ആലപ്പി രംഗനാഥ് പറഞ്ഞു. മഹാത്മാഗാന്ധി സർവ്വകലാശാല - ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സ്റ്റഡീസ് ഓഫ് സയൻസ് ഇൻ മ്യൂസിക് (ഐ.യു.സി.എസ്.എസ്.എം.) -ന്റെ ആഭിമുഖ്യത്തിൽ 'താളവാദ്യത്തിന്റെ ശാസ്ത്രം' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ദേശീയ സെമിനാറിന്റെ ഭാഗമായി സർവ്വകലാശാല നൽകിയ ആദരം സ്വീകരിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. സംഗീതത്തെ ശാസ്ത്രീയമായി അപഗ്രഥനം ചെയ്ത് പഠിയ്ക്കുന്നതിന് സവിശേഷ രീതികൾ ആവിഷ്ക്കരിച്ച് മുന്നേറുന്ന മഹാത്മാഗാന്ധി സർവ്വകലാശാലയുടെ പരശ്രമങ്ങൾ അഭിനന്ദനാർഹമാണെന്നും അദ്ദേഹം പറഞ്ഞു.

തന്റെ നിസ്തുല സംഭാവനകളിലൂടെ കഴിഞ്ഞ 50 വർഷമായി സംഗീതത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച ആലപ്പി രംഗനാഥിനെ പോലുള്ള കലാകാരന്മാരെ ആദരിക്കാനായി ലഭിച്ച അവസരം വലിയ അംഗീകാരമായാണ് സർവ്വകലാശാല കാണുന്നതെന്ന് രംഗനാഥിനുള്ള മൊമെന്റോ സമ്മാനിച്ചുകൊണ്ട് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. അനുഗ്രഹീത കലാകാരന്മാരുടെ സാമീപ്യവും സാന്നിധ്യവും സംഗീതത്തിന്റെ സംഭാവനകളെക്കുറിച്ചുള്ള പഠനങ്ങളെ കൂടുതൽ ഗൗരവത്തോടെ എടുക്കാൻ സർവ്വകലാശാലയക്ക് പ്രചോദനമാകുമെന്നും അദ്ദേഹം പറഞ്ഞു. രണ്ട് ദിവസത്തെ ദേശീയ സെമിനാറിന്റെ ഉദ്ഘാടനവും അദ്ദേഹം നിർവ്വഹിച്ചു.

പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, തിരുവിഴ ജയശങ്കർ, കോട്ടയം ഉണ്ണിക്കൃഷ്ണൻ, സെന്റർ ഡയറക്ടർ പ്രൊഫ. കെ. ജയചന്ദ്രൻ, ഡോ. പി.ആർ. ബിജു തുടങ്ങിയവർ

പാറശാല രവി, രത്നശ്രീ അയ്യർ, മനോജ് കറൂർ തുടങ്ങിയവർ വിവിധ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു. സെമിനാറിന്റെ രണ്ടാം ദിവസമായ ഇന്ന് (ഡിസംബർ 17) പ്രശസ്ത സംഗീതജ്ഞൻ തിരുവിഴ ജയശങ്കറെ സിൻഡിക്കേറ്റ് അംഗം പ്രൊഫ. പി. ഹരികൃഷ്ണൻ ആദരിക്കും. തൃപ്പൂണിത്തുറ കൃഷ്ണദാസ്, വിജയ് നടേശൻ, വി.കെ. കെ. ഹരിഹരൻ, ആലപ്പുഴ വിജയകുമാർ തുടങ്ങിയവർ വിവിധ സെഷനുകളിൽ സംസാരിക്കും. സെമിനാർ ഇന്ന് (ഡിസംബർ 17) വൈകിട്ട് സമാപിക്കും.

(ഫോട്ടോ ക്യാപ്ഷൻ:
വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ആലപ്പി രംഗനാഥിനെ മെമൻ്റോ നൽകി ആദരിക്കുന്നു. പ്രൊ-വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, പ്രൊഫ. കെ. ജയചന്ദ്രൻ ഡോ. പി.ആർ. ബിജു എന്നിവർ സമീപം.)

(പി.ആർ.ഒ/39/1562/2021)

## <u>പരീക്ഷാ ഫലം</u>

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് ആഗസ്റ്റിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എഡ് (റെഗുലർ, ഒന്നാം സെമസ്റ്റർ സപ്ലിമെന്ററി - എഡ്യുക്കേഷൻ ഫാക്കൽറ്റി, സി.എസ്.എസ്., 2019-2021 ബാച്ച്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1563/2021)

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് ഒക്ടോബർ മാസത്തിൽ നടത്തിയ 2019-2021 ബാച്ച് മൂന്നാം സെമസ്റ്റർ എം.എ. സോഷ്യൽ വർക്ക് ഇൻ ഡിസെബിലിറ്റി സ്റ്റഡീസ് ആൻഡ് ആക്ഷൻ (ബിഹേവിയറൽ സയൻസസ് ഫാക്കൽറ്റി - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1564/2021)

പഞ്ചവത്സര ബി.എ. - എൽ.എൽ.ബി (ഹോണേഴ്സ്) ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി എട്ടാം സെമസ്റ്റർ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുന:പരിശോധനയ്ക്കും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ യഥാക്രമം 320, 160 രൂപ അപേക്ഷാ ഫീസ് സഹിതം ഡിസംബർ 30 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സ്വീകരിക്കും.

(പി.ആർ.ഒ/39/1565/2021)

സെപ്റ്റംബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി. മെഡിക്കൽ ബയോകെമിസ്ട്രി റെഗുലർ / സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്കുള്ള അപേക്ഷകൾ 160 രൂപ

ഫീസ് സഹിതം ഡിസംബർ 28 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സ്വീകരിക്കും.

(പി.ആർ.ഒ/39/1566/2021)

നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ് (എം.റ്റി.റ്റി.എം.) (2019 അഡ്മിഷൻ - റെഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനഃപരിശോധനയ്ക്കും സൂക്ഷ്മ പരിശോധനയ്ക്കും ഡിസംബർ 30 വരെ ഓൺലൈനായി അപേക്ഷിക്കാം. പുനഃപരിശോധനയ്ക്ക് 370 രൂപയും സൂക്ഷ്മപരിശോധനയ്ക്ക് 160 രൂപയും ആണ് ഫീസ് അടയ്ക്കേണ്ടത്.

(പി.ആർ.ഒ/39/1567/2021)

## അന്തർ ദേശീയ കോൺഫറൻസ് ഇന്ന് (ഡിസംബർ 17) മുതൽ

മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് കീഴിലുള്ള നാനോ സെന്റർ, സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് എന്നിവയുടെ ആഭിമുഖ്യത്തിൽ ആസ്ട്രിയ, മൊണ്ടിനാഗ്രോ, റഷ്യ, ഫിലിപ്പൈൻസ് എന്നിവിടങ്ങളിൽ നിന്നുള്ള വിദഗ്ധരുടെ സഹകരണത്തോടെ നടത്തുന്ന 'അണുബാധ, രോഗചികിത്സ, പ്രതിരോധം - ഒരു സമഗ്ര സമീപനം' എന്ന് വിഷയത്തെ അടിസ്ഥാനമാക്കിയുള്ള ത്രിദിന അന്തർദേശീയ കോൺഫറൻസ് ഇന്ന് (ഡിസംബർ 17) ആരംഭിക്കും. കോവിഡ് അണുബാധ ഉയർത്തുന്ന ഭീഷണി തുടരുന്ന സാഹചര്യത്തിലാണ് വിവിധ ചികിത്സ സമ്പ്രദായങ്ങളെ സംയോജിപ്പിച്ചുകൊണ്ടുള്ള രോഗപ്രതിരോധത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും ഇതു മൂലമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുമായി ഓൺലൈനായി പരിപാടി സംഘടിപ്പിച്ചിട്ടുള്ളത്. റഷ്യയിൽ നിന്നുള്ള ഡോ. ക്ലിമെങ്കൊവ് മൈക്കിൾ, മൊണ്ടിനാഗ്രോയിൽ നിന്നുള്ള ഡോ. രാഘവൻ എന്നിവർ സംയുക്തമായാണ് പരിപാടി ഉദ്ഘാടനം ചെയ്യുന്നത്. നാനോ-പോളിമർ ശാസ്ത്ര രംഗത്തെ പ്രമുഖ ശാസ്ത്രജ്ഞനും ഗവേഷകനുമായ മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിക്കും.

ഡോ. മാത്യു (ആസ്ട്രിയ), ഡോ. ഷാജി കുടിയാട്ട് (ഫിലിപ്പൈൻസ്), ഡോ. സെബാസ്റ്റിയൻ മാത്യു (ആസ്ട്രിയ) തുടങ്ങിയവർ വിവിധ സെഷനുകളിൽ സംസാരിക്കും. കോവിഡ് - 19 രോഗബാധയുടെ പശ്ചാത്തലത്തിൽ അണുബാധ മൂലമുള്ള രോഗങ്ങളെക്കുറിച്ചും രോഗാണുക്കളുടെ ജനിതക പരിണാമങ്ങളെക്കുറിച്ചും യോഗം വിശദമായി ചർച്ച ചെയ്യും. യു.കെ., റഷ്യ, തുർക്കി, പോളണ്ട്, ചൈന തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള അൻപതിലധികം പ്രതിനിധികളാണ് മൂന്ന് ദിവസത്തെ കോൺഫറൻസിൽ പങ്കെടുക്കുക. കോൺഫറൻസ് ഡിസംബർ 19 -ന് സമാപിക്കും. ഡോ. ഹന്ന ജെ മരിയക്കാണ് കോൺഫറൻസിന്റെ ഏകോപന ചുമതല. കൂടുതൽ വിലരങ്ങൾ www.holistic.mictromol.in എന്ന

വെബ്സൈറ്റിൽ ലഭിക്കും. holistic@micromol.in എന്ന ഇ-മെയിൽ വിലാസത്തിലും ഇത് സംബന്ധിച്ച വിവരം ലഭിക്കും.

(പി.ആർ.ഒ/39/1568/2021)

## പുന:പരീക്ഷ

2021 ഫെബ്രുവരി 12 -ന് കാണക്കാരി സി.എസ്.ഐ. കോളേജ് ഫോർ ലീഗൽ സ്റ്റഡീസിലും, , പത്തനംതിട്ട - മൗണ്ട് സിയോൺ ലോ കോളേജ്, ,തൊടുപുഴ - അൽ-അസർ കോളേജ്, എന്നിവിടങ്ങളിലും പരീക്ഷ എഴുതിയ രണ്ടാം സെമസ്റ്റർ പഞ്ചവത്സര ബി.എ.- എൽ.എൽ.ബി. (നവംബർ - 2020) വിദ്യാർത്ഥികളുടെ ജി-6986-എഫ്.എൽ. 4-ലോ ഓഫ് കോൺട്രാക്ട് (2018 അഡ്മിഷൻ റഗുലർ) സപ്ലിമെന്ററി പരീക്ഷ റദ്ദാക്കിയതായി പരീക്ഷാ കൺട്രോളർ അറിയിച്ചു.
പ്രസ്തുത വിദ്യാർത്ഥികളുടെ (2015-2017 അഡ്മിഷൻ) ജി-6986-എഫ്.എൽ. 4- ലോ ഓഫ് കോൺട്രാക്ട് - I ജനറൽ പ്രിൻസിപ്പിൾ വിഷയത്തിന്റെ പുന:പരീക്ഷ ഡിസംബർ 21 -ന് രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 12.30 വരെ നടക്കും.

(പി.ആർ.ഒ/39/1569/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ